ട്ടുണ്ട്. ആഗസ്റ്റ് മാസത്തിലേയ്ക്ക് ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും ഭക്ഷ്യധാന്യ കോട്ടാ അനുവദിക്കയുണ്ടായില്ല. അല്ലെങ്കിൽ അയച്ചുതന്നില്ല. അതുകൊണ്ടുള്ള വിഷമങ്ങളെ വിവരിച്ചും, ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങളും ഉടനടി അയച്ചുതരണമെന്നും അടിയന്തിര കമ്പിമൂലം ഇൻഡ്യാ ഗവൺമെണ്ടിനോട് ആവശ്യപ്പെടുകയും ഭക്ഷ്യവകുപ്പുമന്ത്രി ഇവിടത്തെ വിഷമാവസ്ഥയെ വിശദമായി ഇൻഡ്യാ ഗവൺമെണ്ടധികൃതരെ നേരിട്ടു ധരിപ്പിക്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തിനകത്തു നെല്ലുല്പാദനം ഉത്തേജിതപ്പെടുത്തി കഴിവുള്ളിടത്തോളം നെല്ലുല്പാദനത്തും വലിയ കൃഷിക്കാരോടും ജന്മികളോടും വ്യവസ്ഥാപനങ്ങളിയും വിതരണം നടത്തുകയുണ്ടായി. നെല്ലോ അരിയോ കുറവായ സ്ഥലങ്ങളിലെല്ലാം കുറവു് പരിഹരിക്കത്തക്കവണ്ണം ഗോതമ്പു കൊടുക്കുന്നതിനു് വേണ്ട ഏർപ്പാടുകളും ചെയ്തിരുന്നു.

ശ്രീ. ഇ. പി. പൗലോസ്: കൊച്ചിക്കും തിരുവിതാംകൂറിനും മുമ്പു സെപ്പറേറ്റായി അലോട്ട ചെയ്തിരുന്നതു് ഇപ്പോൾ കൊച്ചിയിലേയ്ക്കു് ആവശ്യം വരുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. പി. പൗലോസ്: അവിടത്തേയ്ക്കുണ്ടായിരുന്ന അലോട്ടമെൻറ് ഇപ്പോൾ അധികം വരികയില്ലേ എന്നാണു് ഞാൻ ചോദിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ ഉള്ള അലോട്ടമെൻറ് മുഴുവൻ സ്റ്റോറുമുഴുവനും ഉള്ള ആവശ്യത്തിലേയ്ക്കു് അയച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: തിരുവിതാംകൂറിലേയും കൊച്ചിയിലേയും റേഷൻ വിതരണ സമ്പ്രദായത്തിൽ ചില വ്യത്യാസങ്ങളും ഉണ്ടെന്നു പറഞ്ഞതു് എന്താണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊച്ചിയിൽ ദിവസേന റേഷൻ കൊടുക്കുന്ന സമ്പ്രദായത്തിലാണു് കാർഡുകളും കൊടുത്തിട്ടുള്ളതു്. തിരുവിതാംകൂറിൽ ആഴ്ചയിൽ ഒരിക്കൽ റേഷൻ കൊടുക്കുന്ന സമ്പ്രദായത്തിലാണു് കാർഡുകളും കൊടുത്തിരിക്കുന്നതു്. അതുകൊണ്ടുവരുന്ന ഒരു പ്രയോഗികവൈഷമ്യം, ഏഴു ദിവസത്തിൽ കൂടുതൽ ആവശ്യത്തിലേയ്ക്കുള്ള റേഷൻ ധാന്യങ്ങളും ഒരു വില്ലേജിൽ ഇല്ലെന്നുണ്ടെങ്കിൽ തിരുവിതാംകൂറിൽ റേഷൻ തകരും. കൊച്ചിയിൽ ഒരു ദിവസത്തേയ്ക്കുള്ളതിലും കുറവുവന്നെങ്കിലെ റേഷൻ തകരുകയുള്ളു.

ശ്രീ. കെ. ആർ. ഇലങ്കത്തു്: തിരുവിതാംകൂറിലും ദിവസേനയുള്ള റേഷൻ സമ്പ്രദായം നടത്തിക്കൂടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി ആലോചിക്കുന്നുണ്ടു്.

നെല്ലു് മില്ലിൽകുത്തുന്ന സമ്പ്രദായം

* 6൯ ശ്രീ. (വ) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ. —

(എ) നെല്ലു് മില്ലിൽ കുത്തുന്ന സമ്പ്രദായം ഇപ്പോൾ കൊച്ചിയിൽ ഉണ്ടോ;

(ബി) തിരുവിതാംകൂറിൽ വീണ്ടും നെല്ലു മില്ലിൽ കുത്തുന്നതിനു് അനുവാദമുണ്ടാകണമെന്ന അപേക്ഷ കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൊച്ചിയിൽ മില്ലിൽ നെല്ലുകുത്തുന്ന ഏർപ്പാട് നിറുത്തുന്നതു് എന്തുകൊണ്ടാണെന്നു പറയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) അപേക്ഷകരിൽ കിട്ടിയിട്ടുണ്ടു്.

(സി) കൊച്ചിയിൽ മില്ലിൽ നെല്ലുകുത്തുന്ന ഏർപ്പാടു് നിറുത്തുന്നില്ല. അതുകൊണ്ടു് (സി) ചോദ്യം ഉത്ഭവിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മില്ലിൽ നെല്ലു് കുത്തുന്നതിലേയ്ക്കു് തിരുവിതാംകൂറിൽനിന്നും കിട്ടിയിട്ടുള്ള അപേക്ഷകളിൻമേൽ ഇപ്പോഴത്തെ നില യിൽ ഇരിക്കുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ അപേക്ഷകളും ആലോചന യിൽ ഇരിക്കയാണു്.

മെഡിക്കൽ കോളേജാരംഭം

‡* ൭൯൩. (൯) ശ്രീ. വി. കെ. വറുഗീസ്: താഴെ കാണുന്ന ചോദ്യ ങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറ യുമോ.—

(എ) മെഡിക്കൽ കോളേജു് എന്നു ആരംഭിക്കും;

(ബി) എത്ര വിദ്യാർത്ഥികൾക്കു് പ്രവേശനം ഉണ്ടു്;

(സി) ഏതെല്ലാം ക്ലാസുകൾ ആണു് ഉണ്ടായിരിക്കുന്നതു്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ജൂലായി ൧൯൫൪.

(ബി) അറുപതോളം വിദ്യാർത്ഥികൾക്കു്.

(സി) എം. ബി. ബി. എസ്. ആദ്യവർഷം.

ശ്രീ. സി. വി. ഇയ്യു: ഇൻഡ്യൻ മെഡിക്കൽ കൌൺസിലിന്റെ അംഗീ കാരം സിദ്ധിയ്ക്കുവാനതിനു് ശ്രമിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിനുവേണ്ട ശ്രമങ്ങളും ചെയ്യുന്നുണ്ടു്.

ശ്രീ. കെ. എ. മാത്യു: സ്റ്റാഫിനെ സംബന്ധിച്ചു എന്തെങ്കിലും നടപടി നടത്തിയോ?

ശ്രീ. എ. ജെ. ജോൺ: ചിലരെയെല്ലാം പ്രൊപ്പോസ് ചെയ്തു അതിനുവേ ണ്ട നടപടികളും നടന്നുകൊണ്ടിരിക്കയാണു്.

വില്പനനികുതി നിയമം വകുപ്പു് ൧൦ (൧)

‡‡*൭൯൭. (൧൧) കോന്നാത്തു കുഞ്ഞിരാമമേനോൻ: താഴെ പറ യുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി പ റയുമോ.—

സെയിൽസ് ടാക്സു് ആക്ടു് ൧൦ (൧) സെക്ഷൻ പ്രകാരം എത്ര ഉറപ്പിക പിഴ തൃശ്ശൂർ ഡിസ്ട്രിക്ടിൽനിന്നും പിരിച്ചിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാ കുമോ?

‡ Questioner being absent, Sri. C. V. Iyyu put the question.

‡‡ Answer to this question was laid on the table, the questioner being absent.

LIBRARY ARCHIVES Kerala Legislative Assembly